**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4720** **02-07-2024 - ൽ മറുപടിയ്ക്ക്**

**പീരുമേട് മണ്ഡലത്തിലെ ജലജീവൻ പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. വാഴൂർ സോമൻ** | **ശ്രീ. റോഷി അഗസ്റ്റിൻ**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** |

(എ) ജലജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി പീരുമേട് മണ്ഡലത്തിൽ നാളിതുവരെ എത്ര വാട്ടർ കണക്ഷനുകൾ നൽകിയിട്ടുണ്ട്; പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ;

(എ) പീരുമേട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന ജല ജീവൻ മിഷന്റെ ഭാഗമായുള്ള പ്രവൃത്തികളിൽ നാളിതുവരെ നൽകിയ വാട്ടർ കണക്ഷനുകളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് ചുവടെ ചേർക്കുന്നു.

| പഞ്ചായത്ത് | ജൽജീവൻ മിഷൻ തുടങ്ങിയ ശേഷം നൽകിയ കണക്ഷൻ (28.06.2024 വരെ) | ഭരണാനുമതി നൽകിയ കണക്ഷൻ | ഭരണാനുമതി തുക (ലക്ഷം) രൂപ |
|---|---|---|---|
| അയ്യപ്പൻകോവിൽ | 5944 | 3369 | 3214.89 |
| ചക്കുപള്ളം | 351 | 4005 | 3859.32 |
| ഏലപ്പാറ | 812 | 7734 | 4311.25 |
| കൊക്കയാർ | 130 | 3000 | 1539.69 |
| കുമളി | 3547 | 8110 | 3537.54 |
| പീരുമേട് | 2278 | 5533 | 1874.38 |
| പെരുവന്താനം | 478 | 3529 | 1844.37 |
| ഉപ്പുതറ | 396 | 7189 | 10882.34 |
| വണ്ടിപ്പെരിയാർ | 431 | 10679 | 10732.10 |
| **ആകെ** | **14367** | **53148** | **41795.88** |

(ബി) പ്രസ്തുത മണ്ഡലത്തിൽ ജലജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര രൂപയുടെ ടെണ്ടർ നടപടികളാണ് പൂർത്തിയാക്കിയിട്ടുള്ളത്; ടെൻഡർ ഏറ്റെടുത്ത ഏജൻസികളുടെ വിവരം അറിയിക്കാമോ;

(ബി) ജല ജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി 176.62 കോടി രൂപയുടെ ടെൻഡർ നടപടികൾ നടപ്പാക്കിയിട്ടുണ്ട് .

ടെൻഡർ ഏറ്റെടുത്ത ഏജൻസികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

1. ബിജുമോൻ എൻ എസ്
2. ബേബി ചെറിയാൻ
3. രൂപേഷ് കെ രാജപ്പൻ
4. സന്തോഷ് കെ. എസ്.
5. ഷമീർ അലി
6. ബി. ജി. ടെക് എഞ്ചിനീയറിങ്
7. സൊഹൈൽ ഷംസുദ്ദീൻ
8. കെ. എസ് ഗിരിദാസൻ
9. റേ കൺസ്ട്രക്ഷൻസ്
10. ഓം ദാർ

(സി) പ്രസ്തുത ഏജൻസികൾ പ്രവൃത്തികൾ

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വണ്ടിപ്പെരിയാർ പഞ്ചായത്തിലെ ഗാർഹിക കുടിവെള്ള കണക്ഷനുകൾ കൊടുക്കുന്ന പ്രവൃത്തി ഏറ്റെടുത്ത് എഗ്രിമെന്റ് വച്ചത് ഓം ദാർ എന്ന കമ്പനിയാണ്. എന്നാൽ

| | | | |
|---|---|---|---|
| | ആരംഭിക്കാൻ വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | | നാളിതുവരെ പ്രവൃത്തികൾ ആരംഭിക്കാത്തതിനാൽ ടെൻഡറിൽ പങ്കെടുത്ത മറ്റ് യോഗ്യരായ കരാർ കമ്പനിക്ക് പ്രവൃത്തി കൈമാറുന്നതിനുള്ള നിയമപരമായ സാദ്ധ്യതകൾ പരിശോധിച്ചു വരുന്നു. |
| (ഡി) | പ്രവൃത്തി ആരംഭിക്കാൻ കാലതാമസം വരുത്തുന്ന കരാറുകാർക്കെതിരെ നിയമനടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ഡി) | സ്വീകരിക്കാറുണ്ട്. കരാർ പ്രവൃത്തിയിൽ മനഃപൂർവ്വമായ കാലതാമസം വരുത്തുന്ന കരാറുകാർക്കെതിരെ കരാർ നിബന്ധനകളനുസരിച്ച് പിഴയീടാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ കരാറുകാരൻ നിശ്ചിത സമയ പരിധിക്കുള്ളിൽ പ്രവൃത്തി ആരംഭിച്ചില്ലെങ്കിൽ കരാറുകാരന്റെ റിസ്ക് ആന്റ് കോസ്റ്റിൽ ടി പ്രവൃത്തി പുനക്രമീകരിക്കാവുന്നതും, ടി കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതും ഉൾപ്പടെയുള്ള കർശന നടപടികളും സ്വീകരിക്കുന്നതാണ്. |
| (ഇ) | ഇടുക്കി ജില്ലയിൽ ജലജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി നാളിതുവരെ എത്ര വാട്ടർകണക്ഷനുകളാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ഇ) | ഇടുക്കി ജില്ലയിൽ ജലജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി നാളിതുവരെ 43550 വാട്ടർ കണക്ഷനുകളാണ് നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ